# കേരളാ പോലീസ്
# ഹൗസിംഗ് സഹകരണ സംഘം

ക്ലിപ്തം നമ്പർ - 4348 എളംകുളം, കൊച്ചി - 20

ഫോൺ - 0484 - 2313981 ഹെൽപ്പ് ലൈൻ 9846-101-101, 9846-101-102

**e mail – kphcsekm@yahoo.co.in**

## കെയർ

അപേക്ഷാഫോറം

**No :**

പേര് :

സ്ഥിരമായ മേൽവിലാസം :
ഫോൺ നമ്പർ സഹിതം

ജനനതീയതി :

അംഗനമ്പർ :

ഔദ്യോഗിക മേൽവിലാസം :

ശമ്പള വിതരണ ഉദ്യോഗസ്ഥന്റെ :
പേരും മേൽവിലാസവും

സി.പി.എ.എസ് III നമ്പർ :

അപേക്ഷകന്റെ കുടുംബം
സംബന്ധിച്ച വിവരങ്ങൾ

| | പേര് | വയസ്സ് |
|---|---|---|
| ഭാര്യ/ ഭർത്താവ് | | |
| മക്കൾ 1. | | |
| 2.. | | |
| 3. | | |
| 4. | | |

അപേക്ഷകന്റെ :
അവകാശിയുടെ പേര്, ബന്ധം

അവകാശിയുടെ മേൽവിലാസം :

സ്ഥലം :
തീയതി :

അംഗത്തിന്റെ ഒപ്പ്.

സാക്ഷികൾ 1.
2.

# കെയർ

## സമ്മതപത്രം

കേരളാ പോലീസ് ഹൗസിംഗ് സഹകരണ സംഘം നടപ്പിലാക്കുന്ന കെയർ പദ്ധതിയുടെ നിയമാവലി അംഗീകരിച്ച് ആയതിൽ അംഗമായി ചേരുവാൻ ആഗ്രഹിക്കുന്നു.

1. പദ്ധതിയിൽ അടയ്ക്കേണ്ടതായ മൊത്തം തുക 6000/- രൂപ ഇതോടൊപ്പം അടയ്ക്കുന്നു.
2. ആദ്യ തവണയായ 300 രൂപ ഇതോടൊപ്പം അടയ്ക്കുന്നു.
3. ബാക്കി തുക/ മൊത്തം തുക 300 രൂപയുടെ പ്രതിമാസ തവണകളായി അടയ്ക്കുന്നതിന് ശമ്പളത്തിൽ നിന്നും തവണതുക പിടിക്കുവാൻ എന്റെ മേലധികാരിയെ ഇതിനാൽ അധികാരപ്പെടുത്തുന്നു.
4. സി.പി.എ.എസ് III ൽ അംഗമായ ഞാൻ ബാക്കി തുക 300 രൂപയുടെ 20 പ്രതിമാസ തവണകളായി അടയ്ക്കുന്നതിന് ശമ്പളത്തിൽ നിന്നും തവണതുക പിടിക്കുവാൻ എന്റെ മേലധികാരിയെ ഇതിനാൽ അധികാരപ്പെടുത്തുന്നു.

(ആവശ്യമില്ലാത്ത ഭാഗം വെട്ടുക)

പേരും, ഒപ്പും :

സംഘത്തിലെ അംഗനമ്പർ :

ഔദ്യോഗിക വിലാസം :

# കേരള പോലീസ് ഹൗസിംഗ് സഹകരണ സംഘം ക്ലിപ്തം
# നമ്പർ 4348, കൊച്ചി - 20
## CARE - പ്രധാന നിബന്ധനകൾ

കേരള പോലീസ് ഹൗസിംഗ് സൊസൈറ്റിയുടെ അംഗങ്ങളുടെയും അംഗങ്ങളുടെ കുടുംബങ്ങളുടേയും ക്ഷേമത്തിനും ഒന്നോ അതിലധികമോ സങ്കീർണ്ണമായ അസുഖങ്ങൾ ബാധിച്ചിട്ടുളള അംഗങ്ങളുടെ സഹായത്തിനായും സംഘം കെയർ (ക്രിറ്റിക്കൽ എയിൽമെന്റ് റിലീഫ് എൻഡോവ്മെന്റ്) എന്ന പേരിൽ ഒരു ആരോഗ്യസംരക്ഷണ പരിപാടി നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്നു.

K.P.H.C.S നടപ്പിലാക്കുന്ന കെയർ പദ്ധതി പ്രകാരം താഴെ കാണിക്കുന്ന സങ്കീർണ്ണമായ അസുഖങ്ങളുടെ ചികത്സയ്ക്ക് അല്ലെങ്കിൽ ശാസ്ത്രക്രിയയ്ക്ക് അതല്ലെങ്കിൽ ചികിത്സയ്ക്കും, ശാസ്ത്രക്രിയക്കും ഒരുമിച്ച് വേണ്ടി വരുന്ന ചിലവിലേക്ക് കെയറിൽ നിന്ന് ആനുകൂല്യങ്ങൾ നൽകുന്നതാണ്.

1. ക്യാൻസർ
2. ആൻജ്ജിയോ പ്ലാസ്റ്റി വേണ്ടി വരുന്ന ഹൃദയാഘാതം.
3. കോറോണറി ബൈപ്പാസ് ശസ്ത്രക്രിയ.
4. ഹൃദയ വാൽവ് ശസ്ത്രക്രിയ.
5. ആരോഗ്യ സ്ഥിതിയിലേയ്ക്ക് തിരിച്ചു പോകാൻ ആകാത്തവിധം അസുഖമായ ഹൃദയത്തിന്റെ മാറ്റി വയ്ക്കൽ ശസ്ത്രക്രിയ.
6. ആരോഗ്യ സ്ഥിതിയിലേയ്ക്ക് തിരിച്ചു പോകാൻ ആകാത്തവിധം അസുഖമായ ശ്വാസകോശത്തിന്റെ മാറ്റി വയ്ക്കൽ ശസ്ത്രക്രിയ.
7. ആരോഗ്യ സ്ഥിതിയിലേയ്ക്ക് തിരിച്ചു പോകാൻ ആകാത്തവിധം അസുഖമായ കരളിന്റെ മാറ്റി വയ്ക്കൽ ശസ്ത്രക്രിയ.
8. ആരോഗ്യ സ്ഥിതിയിലേയ്ക്ക് തിരിച്ചു പോകാൻ ആകാത്തവിധം അസുഖമായ വൃക്കയുടെ മാറ്റി വയ്ക്കൽ ശസ്ത്രക്രിയ.
9. ആരോഗ്യ സ്ഥിതിയിലേയ്ക്ക് തിരിച്ചു പോകാൻ ആകാത്തവിധം അസുഖമായ പാൻക്രിയാസിന്റെ മാറ്റി വയ്ക്കൽ ശസ്ത്രക്രിയ.
10. ആരോഗ്യ സ്ഥിതിയിലേയ്ക്ക് തിരിച്ചു പോകാൻ ആകാത്തവിധം അസുഖമായ ബോൺമാരോയുടെ മാറ്റി വയ്ക്കൽ ശസ്ത്രക്രിയ.
11. സങ്കീർണ്ണമായ കരൾ രോഗം.
12. ഡയാലിസിസ് വേണ്ടി വരുന്ന വൃക്ക രോഗം.
13. ശരീര തളർച്ച (പരാലിസിസ്).
14. പക്ഷാഘാതം (സ്ട്രോക്ക്).
15. പേശിക്ഷയം (മസ്കുലർ ഡിസ്ട്രോഫി).

1. ചികിത്സ നടത്തി 90 ദിവസത്തിനുള്ളിൽ ആനുകൂല്യത്തിനുളള അപേക്ഷ സംഘത്തിൽ സമർപ്പിക്കേണ്ടതാണ്.

2 കെയറിന്റെ ആനുകൂല്യം അംഗത്തിനും അംഗത്തിന്റെ ഭാര്യ/ ഭർത്താവ് കുട്ടികൾ എന്നിവർ അടങ്ങുന്ന കുടുംബത്തിനും ലഭ്യമാണ്. എന്നാൽ അംഗത്തിന്റെ പിതാവ്, മാതാവ്, സഹോദരൻ, സഹോദരി മുതലായ ബന്ധുക്കൾക്ക് പദ്ധതിയിൽ നിന്ന് ആനുകൂല്യം ലഭിക്കുന്നതല്ല. കുടുംബത്തിന്റെ നിർവചനത്തിൽ നിയമാനുസൃതം ദത്തെടുക്കുന്ന കുട്ടികൾ ഉൾപ്പെടുന്നതാണ്. "CARE" ൽ അംഗമായവർക്ക് ഭാവിയിൽ ഭാര്യ/ കുട്ടികൾ എന്നിവരെ പദ്ധതിയിലേക്ക് കൂട്ടിചേർക്കുന്നതിന് അവസരം ഉണ്ടായിരിക്കുന്നതാണ്.

3. സംഘം നിശ്ചയിക്കുന്ന മെഡിക്കൽ പ്രാക്ടീഷണറുടെ വിദഗ്ധ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷകൾ സംഘം ഭരണസമിതി/ എക്സിക്യൂട്ടീവ് കമ്മറ്റി പരിശോധിച്ച് ചികിത്സാ സഹായം അനുവദിക്കുന്നതാണ്. ആനുകൂല്യം ലഭ്യമാക്കുന്നതിൽ ഭരണ സമിതിയുടെ തീരുമാനം അന്തിമമായിരിക്കും.

4. ചികിത്സാ രേഖകളുടെയും, ബില്ലുകളുടെയും, ഒറിജിനലും, Doctor Attest ചെയ്ത ഫോട്ടോ കോപ്പിയും ബോർഡ് മെമ്പർമാരുടെ ശുപാർശയോടെ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. സംഘത്തിലെ പരിശോധനകൾക്കുശേഷം അപേക്ഷകർക്ക് ആവശ്യമെങ്കിൽ ഒറിജിനൽ രേഖകളും, ബില്ലുകളും തിരികെ നൽകാവുന്നതാണ്. Attest ചെയ്ത ഫോട്ടോ കോപ്പി സംഘത്തിൽ സൂക്ഷിക്കേണ്ടതുമാണ്.

5 നിബന്ധനയിലെ രോഗങ്ങൾ മൂലം ചികിത്സയിലിരിക്കെ അംഗം അന്തരിച്ചാൽ അപേക്ഷയിൽ കാണിച്ചിരിക്കുന്ന അവകാശിക്ക് ടി ചികിത്സ നടത്തിയതിന്റെ ആനുകൂല്യത്തിനായി അപേക്ഷിക്കാവുന്നതാണ്.

6. ഏറ്റവും കുറഞ്ഞത് 25 ബെഡ് ഉളള ആശുപത്രിയിൽ ചികിത്സിക്കുന്നവർക്ക് മാത്രമായിരിക്കും ചികിത്സാ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുകയുളളു.

7. "CARE " പദ്ധതിയിൽ നിന്നുളള ചികിത്സ ആനുകൂല്യത്തിന് നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

8 സംഘം ബൈലാ പ്രകാരം ഒരു അംഗത്തിന്റെ അംഗത്വം അവസാനിച്ചാൽ "CARE" പദ്ധതിയിലെയും അംഗത്വം അതോടെ അവസാനിക്കുന്നതാണ്. റിട്ടയർമെന്റ്/ റിലീവിങ്ങ് മൂലം അംഗത്വം അവസാനിപ്പിക്കുന്നതിനു മുമ്പുളള ചികിത്സക്കൾക്ക് മാത്രമെ ആനുകൂല്യം ലഭിക്കുകയുളളു.

9. മരുന്നുകൾ, ഡോക്ടർമാരുടെ പരിശോധനാഫീസ്, നേഴ്സിംങ്ങ് ചാർജ്, പരിശോധനാ ഫീസുകൾ, ഓപ്പറേഷൻ ചാർജ് എന്നിവ ചികിത്സാ സഹായമായി ലഭിക്കുന്നതാണ്.

10. പദ്ധതിയിൽ ചേർന്ന് 1 വർഷത്തിന് ശേഷമുളള ചികിത്സകൾക്ക് മാത്രമേ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുകയുളളു. അടവ് പൂർത്തിയായിട്ടില്ലെങ്കിൽ 1 വർഷം മുമ്പ് പദ്ധതിയിൽ അടച്ചിട്ടുളള തുകയ്ക്ക് ആനുപാതികമായ ആനുകൂല്യം ലഭിക്കുന്നതായിരിക്കും.

11. പദ്ധതി താഴെ കാണിക്കുന്ന രീതിയിൽ നടപ്പാക്കുന്നതാണ്.

പദ്ധതിയിൽ ചേർന്ന ആദ്യവർഷം ആനുകൂല്യം ഒന്നും ഇല്ല. അടുത്ത അഞ്ച് വർഷങ്ങളിലായി പരമാവധി 20000/- രൂപ വീതം അഞ്ച് വാർഷിക തവണകളിലായി 1 ലക്ഷം രൂപ വരെയും, 6, 7 വർഷങ്ങളിൽ 25,000/- രൂപയും 8 -ാം വർഷം 50,000/- രൂപയും,ഉൾപ്പെടെ ഒരു കുടുംബത്തിന് 2 ലക്ഷം രൂപ പരമാവധി നൽകാവുന്നതാണ്..